# തുടി

കണ്ണൂർ സർവ്വകലാശാല
മലയാളവിഭാഗം

**2019** ജനുവരി -മാർച്ച്, വാല്യം 7 ലക്കം 1



11. ഹജ്ജ് യാത്രാവിവരണം മലയാളത്തിൽ 139
ഡോ.കുഞ്ഞിമുഹമ്മദ് പുത്തലത്ത്

12. സ്ത്രീ - യാത്ര, സ്വത്വം, അനുഭവം 148
ലേഖ എൻ.കെ.

13. യാത്ര - അനുഭവവും ഓർമ്മയും 153
ഡോ.റീജ വി.

14. ആവിഷ്കരണത്തിലെ സൗന്ദര്യം 160
മരുഭൂമിയുടെ ആത്മകഥയിൽ
ഡോ.ഹസ്കറലി ഇ.സി.

15. യാത്രയുടെ തിരക്കാഴ്ചാനുഭവങ്ങൾ 167
ഡോ.ജോസ് കെ. മാനുവൽ

16. യാത്രാവിവരണങ്ങളിലെ സാഹിത്യപരത 172
ഡോ.ഷാജുവർഗ്ഗീസ്

17. വർത്തമാനപ്പുസ്തകത്തിലെ അപരത്വനിർമ്മിതി 179
ഡോ.ഷിമിപോൾ ബേബി

18. ഹരിതരാഷ്ട്രീയം എം.കെ.രാമചന്ദ്രന്റെ 193
യാത്രാവിവരണങ്ങളിൽ
ജസ്ന കെ.പി.

19. യാത്ര, ആഖ്യാനം, അനുഭൂതി - ശ്രവ്യമാധ്യമത്തിൽ 224
ജൈനിമോൾ കെ.വി

20. സക്കറിയയും വി.മുസഫർ അഹമ്മദും കണ്ട അറേബ്യ 230
ഷഹന പി.ആർ

21. യാത്രാമാസികകളിലെ കഥാത്മക ഘടകങ്ങൾ 241
ഡോ.സി.ഗണേഷ്

22. വർത്തമാനം സാഹിത്യമായപ്പോൾ 248
സോണിയ ജോസ്

# യാത്ര, ആഖ്യാനം, അനുഭൂതി - ശ്രവ്യമാധ്യമത്തിൽ

ജെനിമോൾ. കെ.വി.

വിവിധ കാലഘട്ടങ്ങളിലൂടെ വളർന്നുവികസിച്ചുവന്ന ഒരു യാത്രാ
പാരമ്പര്യം കേരളത്തിനുണ്ട്. ഇന്ന് യാത്രകൾ ആധുനികവൽക്കരിക്ക
പ്പെട്ടു കഴിഞ്ഞു. യാത്രകൾക്ക് മാത്രമായി ടെലിവിഷൻ ചാനലുകൾ,
മാഗസിനുകൾ, ബ്ലോഗുകൾ എന്നിങ്ങനെ രസകരവും വൈവിധ്യവു
മായ യാത്രാവിവരണങ്ങളുടെ കാലമാണിത്. ഓരോ വ്യക്തിക്കും അവ
രുടെ സ്വകാര്യമുറിയിലോ വാഹനത്തിലോ ഇരുന്ന് വിവിധകാലങ്ങളി
ലേക്കും സ്ഥലങ്ങളിലേക്കും സഞ്ചരിക്കാം എന്ന അവസ്ഥ മാധ്യമങ്ങ
ളുടെ വരവോടെ സാധ്യമായി. യാത്രികൻ അയാളുടെ അനുഭവ പരി
സരങ്ങളിലിരുന്നു കൊണ്ട് കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ
കിട്ടുന്ന അനുഭൂതിയല്ല മാധ്യമങ്ങളുടെ സവിശേഷ ഇടത്തിൽ നിന്നും
ലഭ്യമാകുന്നത്. കാഴ്ചയുടെയും കേൾവിയുടെയും സവിശേഷമായ
സാധ്യതകളിലേക്ക് കൊണ്ടുപോവുകയാണിവിടെ ചെയ്യുന്നത്. ഓരോ
സ്ഥലത്തെയും അതാതിന്റെ ഇടത്തിൽ നിന്നും മറ്റൊരു സന്ദർഭത്തി
ലേക്ക് അടർത്തിമാറ്റുകയാണിവിടെ. സഞ്ചാരി നേരിട്ടുകാണുകയും
അനുഭവിക്കുകയും ചെയ്യുന്ന കാഴ്ചയും മാധ്യമീകൃതമായ കാഴ്ചയും
അനുഭൂതിയും വേറിട്ടതാണ്.യാത്രാവിവരണങ്ങളിൽ ശ്രവ്യമാധ്യമങ്ങ
ളുടെ സാധ്യതകൾ എന്തെന്നും അവയിലൂടെയുള്ള വിവരണങ്ങൾ
നൽകുന്ന അനുഭവവും അനുഭൂതിയും എങ്ങനെ വ്യത്യസ്തമാകുന്നു
എന്നുമുള്ള അന്വേഷണമാണ് ഈ പ്രബന്ധം ലക്ഷ്യമാക്കുന്നത്.

"ആധുനിക വ്യക്തിബോധത്തിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട്
നിലവിൽവന്ന സാഹിത്യ പ്രസ്ഥാനങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ്
യാത്രാവിവരണം. എന്നാൽ വ്യത്യസ്തകാലങ്ങളിൽ വ്യക്തിയുടെ
കാഴ്ചയെ നിയന്ത്രിച്ചത് ഭിന്നഘടകങ്ങൾ ആയിരുന്നു. കാഴ്ചയിൽ
പതിഞ്ഞവയുടെ വർണ്ണപ്പൊലിമ നിറഞ്ഞ വിവരണങ്ങളിൽ നിന്നും
അനുഭൂതിയുടെ ആവിഷ്കാരമായി മലയാള സാഹിത്യം വളർന്നത്

കണ്ണൂർ സർവ്വകലാശാല
മലയാളവിഭാഗം റിസർച്ച് ജേണൽ